**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2025** **03-03-2025 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ വർഗ്ഗീയ സംഘർഷങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | വർഗ്ഗീയ സ്വഭാവമുള്ള സംഘർങ്ങളും പ്രവർത്തനങ്ങളും തടയുന്നതിന് കാസർകോട് ജില്ലയിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വർഗ്ഗീയ സ്വഭാവമുള്ള സംഘർഷങ്ങളും പ്രവർത്തനങ്ങളും തടയുന്നതിന് കാസർകോട് ജില്ലയിൽ മൂന്ന് മാസത്തിലൊരിക്കൽ റവന്യൂ, പോലീസ്, ഇന്റലിജൻസ് തുടങ്ങിയ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതല കമ്മ്യൂണൽ ഹാർമണി യോഗം കൃത്യമായി ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തി വർഗ്ഗീയ സ്വഭാവമുള്ള പ്രശ്നങ്ങൾ തുടക്കത്തിൽ തന്നെ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>ഇത് സംബന്ധിച്ച് കാസർകോട് ജില്ലയിൽ സ്വീകരിച്ച് വരുന്ന മറ്റ് നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. മുൻകാലങ്ങളിൽ വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായ communal hotspot-കൾ കണ്ടെത്തി ആയത് ക്രൈം മാപ്പിങ് ചെയ്ത് പ്രസ്തുത സ്ഥലങ്ങളിൽ CCTV-കൾ സ്ഥാപിച്ചും, പോലീസ് പട്രോളിംഗ് നടത്തിയും നിരീക്ഷിച്ചു വരുന്നുണ്ട്. റിപ്പോർട്ട് ചെയ്യുന്ന വർഗീയസ്വഭാവമുള്ള കേസുകൾ കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുകയും പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുന്ന രീതിയിൽ കേസുകളുടെ വിചാരണ കൃത്യമായി നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ കേസിലെ സാക്ഷികൾക്ക് witness protection scheme പ്രകാരം എല്ലാ സംരക്ഷണവും നൽകി വരുന്നുണ്ട്.<br><br>2. പ്രസ്തുത സ്ഥലങ്ങളിലെ ജനങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് പോലീസ് സ്റ്റേഷൻ തലത്തിൽ കുടുംബയോഗങ്ങൾ സംഘടിപ്പിക്കുകയും ജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ആ പ്രദേശത്തെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കി ആയത് പരിഹരിക്കാനുള്ള നടപടികൾ മറ്റ് |

| | | | |
|---|---|---|---|
| | | | വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ട് നടത്തി വരികയും ചെയ്യുന്നുണ്ട്.<br><br>3. Communal hotspot- കൾ കേന്ദ്രീകരിച്ച് 24 മണിക്കൂറും പോലീസ് പട്രോളിങ്ങും വാഹന പരിശോധനയും നടത്തുന്നുണ്ട്. ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ സുസജ്ജമായ ബന്തവസ്സ് സ്കീം തയ്യാറാക്കിയിട്ടുണ്ട്.<br><br>4. വർഗ്ഗീയ സ്വഭാവമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>5. സൈബർ സെല്ലിന്റെ നേതൃത്വത്തിൽ സോഷ്യൽ മീഡിയകളിൽ പരിശോധന നടത്തി വർഗീയ വിദ്വേഷ പോസ്റ്റുകൾ പോസ്റ്റ് ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരികരിച്ച് വരുന്നുണ്ട്<br><br>6. മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനും മയക്കുമരുന്നിനെതിരെ നിതാന്ത ജാഗ്രത പുലർത്തുന്നതിനും SAFE KASARAGOD എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് മതസൗഹാർദ്ദം നിലനിർത്തുന്നതിനായി GO(P) No.217/05/Home Dated 25.07.2005 പ്രകാരം സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>വർഗ്ഗീയ സ്വഭാവമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2024 -ൽ 4 കേസുകളും 2025 -ൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ നാല് കേസുകൾ കാസർകോട് പോലീസ് സ്റ്റേഷൻ പരിധിയിലും ഒരു കേസ് ബദിയടുക്ക പോലീസ് സ്റ്റേഷൻ പരിധിയിലുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>പോലീസ് സ്റ്റേഷനുകളിലെ ദൈനം ദിന ഡ്യൂട്ടികൾക്ക് തടസ്സം വരുന്ന രീതിയിൽ സേനാംഗങ്ങളുടെ കുറവോ, വാഹനങ്ങളുടെ കുറവോ കാസർകോട് ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | സമീപ കാലത്ത് ഇപ്രകാരമുള്ള സംഘർഷങ്ങളും പ്രവർത്തനങ്ങളും ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ ഏത് പോലീസ് സ്റ്റേഷൻ പരിധിയിലാണെന്നും വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | കാസർകോട് ജില്ലയിൽ പോലീസ് സംവിധാനത്തിൽ സേനാംഗങ്ങളുടെയും വാഹനത്തിന്റെയും മറ്റ് സൗകര്യങ്ങളുടെയും കാര്യത്തിൽ ഉള്ള കുറവുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഈ | (സി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കുറവുകൾ എപ്പോൾ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | വർഗ്ഗീയ ചിന്തയില്ലാത്ത ജനതയുള്ളതും വർഗ്ഗീയ സംഘർഷങ്ങൾ തീരെയില്ലാത്തതുമായ നാടായി കാസർഗോഡിനെ മാറ്റാൻ ആഭ്യന്തര വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ഡി) | (എ) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ